വൈൽഡ്ലൈഫ് റീൽ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ മത്സരാർത്ഥികൾ ചുവടെ പറയുന്ന നിബന്ധനകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. നിബന്ധനകളിൽ വീഴ്ച വരുത്തുന്നത് മത്സരാർത്ഥികളെ അയോഗ്യരാക്കുന്നതായിരിക്കും.

1. **യോഗ്യത:** പ്രായഭേദമന്യേ ഏതൊരു ഇന്ത്യൻ പൗരനും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. കേരള വനം വകുപ്പ് ജീവനക്കാർ, വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ, വകുപ്പുമായി സഹകരിക്കുന്ന പ്രസ്ഥാനങ്ങളിലെ ജീവനക്കാർ, അവരുടെ അടുത്ത ബന്ധുക്കൾ (ഭാര്യ/ഭർത്താവ്, മക്കൾ, സഹോദരങ്ങളും അവരുടെ ഭാര്യാ-ഭർത്താക്കന്മാരും, ഉൾപ്പെടെ) തുടങ്ങിയവർക്ക് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകില്ല.
2. **വ്യവസ്ഥകൾ:** മത്സരവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും അറിഞ്ഞിരിക്കുവാനും പാലിക്കുവാനും മത്സരാർത്ഥികൾ ബാധ്യസ്ഥരാണ്. മത്സരിക്കുന്നതിനുള്ള യോഗ്യതകൾ മത്സരാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്. ചീഫ് വൈൽഡ്ലൈഫ് വാർഡൻ സ്വീകരിക്കുന്ന തീരുമാനങ്ങൾ അന്തിമവും അത് അംഗീകരിക്കുവാൻ ഓരോ മത്സരാർത്ഥിയും ബാധ്യസ്ഥരുമാണ്.
3. **സമയപരിധി:** വൈൽഡ്ലൈഫ് റീൽ മത്സരം 2026 ൽ പങ്കെടുക്കുന്നതിന് ഓൺലൈനായി സൃഷ്ടികൾ സമർപ്പിക്കേണ്ടതിന്റെ സമയപരിധി 2026 സെപ്റ്റംബർ 20 ന് രാവിലെ 10:00 മണി മുതൽ 2026 സെപ്റ്റംബർ 30 വൈകിട്ട് 5:00 മണിവരെയാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന സൃഷ്ടികൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
4. **മത്സരത്തിൽ പങ്കെടുക്കുന്ന വിധം:** മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല. വനം വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (https://www.forest.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുള്ള നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം, സത്യവാങ്മൂലം എന്നിവ പൂരിപ്പിച്ച് മത്സരാർത്ഥിയുടെ പേരും മേൽവിലാസവും വ്യക്തമാക്കിയിട്ടുള്ള ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഉൾപ്പെടെ സൃഷ്ടിയോടൊപ്പം wlwreel2026@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കേണ്ടതാണ്. മറ്റേതൊരു വിധത്തിൽ സമർപ്പിക്കുന്നതോ കൃത്യമായി പൂരിപ്പിക്കാത്ത രജിസ്ട്രേഷൻ ഫോം ഉൾപ്പെടുത്താതോ ആയിട്ടുള്ള സൃഷ്ടികൾ മത്സരത്തിനായി പരിഗണിക്കുന്നതായിരിക്കുകയില്ല. സൃഷ്ടികൾ നിബന്ധന 9 ൽ വ്യക്തമാക്കിയിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന്

ഉറപ്പാക്കേണ്ടതാണ്. പൂരിപ്പിച്ച നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോമിന്റെ അഭാവം, സത്യവാങ്മൂലത്തിന്റെ അഭാവം, ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ അഭാവം, സാങ്കേതിക മാനദണ്ഡങ്ങളുടെ വ്യതിയാനം എന്നിവ അയോഗ്യതയാവുകയും സൃഷ്ടികൾ തിരസ്കരിക്കപ്പെടുകയും ചെയ്യും. നിബന്ധനകൾ പാലിക്കാതിരിക്കുകയോ എവ്വിധത്തിലുള്ള കൃത്രിമത്വം കാണിക്കുകയോ ചെയ്യുന്നത് അയോഗ്യതയ്ക്ക് കാരണമാകും. ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

5. **വൈൽഡ്ലൈഫ് റീൽ 2026 മത്സര വിഷയം:** കേരളത്തെ മുൻനിർത്തി 'Living in Harmony with Nature' എന്നതായിരിക്കും മത്സര വിഷയം.
6. **ഭാഷ:** മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ്. മറ്റു ഭാഷകളിലുള്ള സൃഷ്ടികൾ പരിഗണിക്കുന്നതല്ല.
7. **നിർമ്മാണ കാലഘട്ടം:** എൻട്രികൾ 2026-ൽ ചിത്രീകരിച്ചവയായിരിക്കണം.
8. **മത്സരത്തിനായി സമർപ്പിക്കാവുന്ന സൃഷ്ടികളുടെ എണ്ണം:** ഒരു മത്സരാർത്ഥിക്ക് ഒരു റീൽ മാത്രമേ സമർപ്പിക്കാൻ കഴിയുകയുള്ളൂ.
9. **സാങ്കേതിക വിവരം:**
   a. **ദൈർഘ്യം:** റീലിന്റെ ദൈർഘ്യം ചുരുങ്ങിയത് 30 സെക്കന്റും പരമാവധി 60 സെക്കന്റും ആയിരിക്കണം.
   b. **ഫയൽ ഫോർമാറ്റ്:** MP4 അല്ലെങ്കിൽ MOV. (കൃത്യമായ പ്ലേബാക്കിന് H.264 അല്ലെങ്കിൽ HEVC/H.265 ശുപാർശ ചെയ്യുന്നു).
   c. **ഓറിയന്റേഷൻ & അനുപാതം:** ലംബമാനം (Vertical orientation). 9:16 അനുപാതം അഥവാ 1080x1920 പിക്സൽ).
   d. **റെസൊല്യൂഷൻ:** ഫുൾ HD, ചുരുങ്ങിയത് 4K (1080x1920 പിക്സൽ)- ചുരുങ്ങിയത് അതിനു മുകളിൽ 4K വരെ (2160x3840 പിക്സൽ)
   e. **ഫ്രെയിം റേറ്റ്:** 24 fps അല്ലെങ്കിൽ 30 fps അല്ലെങ്കിൽ 60 fps. ദൃശ്യ-ശബ്ദ സമന്വയത്തിന് സ്ഥായിയായ ഫ്രെയിം റേറ്റ് ശുപാർശ ചെയ്യുന്നു (Constant Frame Rate - CFR recommended to avoid audio-sync issues).
   f. **ഓഡിയോ ഫോർമാറ്റ്:** സ്റ്റീരിയോ മിക്സ് അല്ലെങ്കിൽ മെച്ചപ്പെട്ടത് (AAC, 16-bit, 48 kHz)
   g. **ഓഡിയോ ക്ലാരിറ്റി:** വ്യക്തമായ പശ്ചാത്തല സംഗീതം അല്ലെങ്കിൽ സ്വാഭാവിക വന്യജീവി ശബ്ദങ്ങൾ. വോയിസ് ഓവർ, വിവരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പശ്ചാത്തല സംഗീതത്തിൽ നിന്നും വ്യക്തമായി തിരിച്ചറിയാൻ പറ്റുന്ന തരത്തിൽ ആയിരിക്കണം.
   h. **ഛായാഗ്രാഹക ഉപകരണം:** കമ്പ്യൂട്ടർ ഗ്രാഫിക്സ് ദൃശ്യങ്ങൾ (CGI), എ.ഐ. ദൃശ്യങ്ങൾ എന്നിവ ഒഴികേ ഏതുതരം ക്യമറ (സ്മാർട്ട് ഫോൺ, ആക്ഷൻ ക്യാമറ,

ഡി.എസ്.എൽ.ആർ., ഡ്രോൺ, എന്നിത്യാദി) ഉപയോഗിച്ച് ചിത്രീകരിച്ചതും ആകാം).

i. **സമർപ്പിക്കേണ്ട രീതി:** കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം, സത്യവാങ്മൂലം (PDF), ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കിയിട്ടുള്ള റീൽ എന്നിവ മത്സരാർത്ഥിയുടെ ഗൂഗിൾ ഡ്രൈവിൽ പ്രത്യേകം ഫോൾഡറിൽ സേവ് ചെയ്ത് ലിങ്ക് wlwreel2026@gmail.com എന്ന ഇ-മെയിലിൽ അയക്കേണ്ടതാണ്. ഫോൾഡറിന്റെ ഷെയറിംഗ് പെർമിഷൻ "Anyone with the link can view" എന്ന് സെറ്റ് ചെയ്യുകയോ wlwreel2026@gmail.com എന്ന യൂസറിന് "Can View" access നൽകുകയോ വേണം. ഫയലുകൾ ഡൗൺലോഡ് ചെയ്യാനുള്ള പെർമിഷൻ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

10. **ധാർമ്മിക മാർഗ്ഗ നിർദ്ദേശങ്ങൾ**

a. സമർപ്പിച്ച എല്ലാ എൻട്രികളും ക്രിയാത്മകവും സത്യസന്ധവും ധാർമ്മികവുമായ രീതിയിൽ പ്രകൃതി ലോകത്തെ കൃത്യമായി പ്രതിനിധീകരിക്കണം. ദൃശ്യങ്ങളിൽ കൃത്രിമം കാണിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

b. എൻട്രികൾ വഴി കാഴ്ചക്കാരനെ തെറ്റിദ്ധരിപ്പിക്കുകയോ പ്രകൃതിയുടെ യാഥാർത്ഥ്യത്തെ തെറ്റായി ചിത്രീകരിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. നൽകിയിരിക്കുന്ന എല്ലാ അടിക്കുറിപ്പ് വിവരങ്ങളും സമഗ്രവും സത്യസന്ധവും കൃത്യവുമായിരിക്കണം. ബന്ദികളാക്കിയ / നിയന്ത്രിക്കപ്പെട്ട / കൃത്രിമം കാണിക്കുന്നതുമായ മൃഗങ്ങളുടെ റീലുകൾ/ മാതൃകകൾ / ടാക്സിഡെർമി മാതൃകകൾ അല്ലെങ്കിൽ മറ്റേതെങ്കിലും മൃഗങ്ങളെ ലാഭത്തിനായി ചൂഷണം ചെയ്യുന്നതുമായ റീലുകളും കർശനമായി നിരോധിച്ചിരിക്കുന്നു.

c. റീൽ സുരക്ഷിതമാക്കാനുള്ള ശ്രമത്തിൽ മത്സരാർത്ഥികൾ മൃഗങ്ങളെ ഉപദ്രവിക്കുന്നതും, അവയുടെ ആവാസ വ്യവസ്ഥയ്ക്ക് കേടുപാടുകൾ വരുത്തുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു. മൃഗങ്ങളുടെ ക്ഷേമത്തിന് എല്ലായ്പ്പോഴും മുൻഗണന നൽകണം.

d. നേരിട്ടോ നിരുത്തരവാദപരമായ ശീലം വഴിയോ മൃഗത്തെ അപകടപ്പെടുത്തുന്നതോ അതിന്റെ സ്വഭാവത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ ഏതെങ്കിലും തരത്തിലുള്ള ചൂണ്ടയിടൽ അനുവദനീയമല്ല. ഗന്ധം, ജീവികളുടെ ശബ്ദങ്ങൾ ഉപയോഗിച്ചോ വന്യജീവികളെ ആകർഷിക്കൽ എന്നിവയുൾപ്പെടെയുള്ള മറ്റ് ആകർഷണ മാർഗങ്ങൾ അനുവദനീയമല്ല. നിരുത്തരവാദപരമായ ചൂണ്ടയിടലോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ട നിയമത്തിന്റേയും ചട്ടങ്ങളുടെയും ലംഘനം ഉൾപ്പെടെയുള്ള ക്രൂരമോ അധാർമ്മികമോ ആയ നടപടികളിലൂടെയാണ് പ്രവേശനം നേടിയതെന്ന് കണ്ടെത്തിയാൽ, പ്രവേശനം അയോഗ്യമാക്കുകയും ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യും.

11. **സൂക്ഷ്മപരിശോധന:** നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കൃത്യത 01/10/2026 ന് നോഡൽ ഓഫീസർ (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി (എക്സ്റ്റൻഷൻ), O/o ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർ (സോഷ്യൽ ഫോറസ്ട്രി), നാലാം നില, വനലക്ഷ്മി, വനം വകുപ്പ് ആസ്ഥാനം, വഴുതയ്ക്കാട്-014) പരിശോധിക്കുന്നതായിരിക്കും. തുടർന്ന് യോഗ്യമായ എൻട്രികളുടെ ഫയലുകളുടെ പ്രവർത്തന ക്ഷമിത പരിശോധിച്ച് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് മത്സരാർത്ഥിയെ അന്നേ ദിവസം തന്നെ ബന്ധപ്പെട്ട് അറിയിക്കുന്നതും ഫയൽ വീണ്ടും സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നതുമായിരിക്കും. ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചാൽ 02/10/2026 വൈകിട്ട് 5:00 മണി വരെ ഫയൽ പുനഃസമർപ്പണത്തിന് അവസരം ലഭിക്കുന്നതാണ്. നിർദ്ദേശാനുസരണം പുനഃസമർപ്പണത്തിനുള്ള സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന എൻട്രികൾ പരിഗണിക്കുന്നതായിരിക്കുകയില്ല.

12. **വിധി നിർണ്ണയവും ഫലപ്രഖ്യാപനവും:** വൈൽഡ്¬ലൈഫ് റീൽ 2026 മത്സരത്തിൽ പങ്കെടുക്കുന്ന സൃഷ്ടികൾ വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി/ ഫിലിം മേക്കിങ് തുടങ്ങിയവയിൽ പ്രാഗത്ഭ്യവും പരിജ്ഞാനവുമുള്ള വിധികർത്താക്കളുടെ ഒരു പാനൽ (ജൂറി) വിലയിരുത്തി ഫലം നിർണ്ണയിക്കുന്നതാണ്. വിധി നിർണ്ണ യവുമായി ബന്ധപ്പെട്ട് യാതൊരുവിധ ബാഹ്യ ഇടപെടലുകളും അനുവദിക്കുന്നതല്ല. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. വിജയികളെ ഇ-മെയിൽ, ടെലിഫോൺ മുഖാന്തിരം ഫലം അറിയിക്കുന്നതായിരിക്കും. സ്പാം / ജങ്ക്മെയിൽ / മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ അല്ലെങ്കിൽ തെറ്റായതോ പ്രവര്ത്ത്ന രഹിതമായതോ ആയിട്ടുള്ള വിവരങ്ങൾ നല്കയന്നത് വഴി മത്സരഫലം യഥാസമയം വിജയികൾ അറിയാതിരിക്കുന്നതിന് കേരള വനം വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

13. **സമ്മാനം:** വൈൽഡ്ലൈഫ് റീൽ 2026 മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹർക്ക് യഥാക്രമം ₹7,500/-, ₹4,500/-, ₹2,500/- (അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന് വിധേയമായി) എന്നിങ്ങനെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടാതെ ജൂറിയുടെ തീരുമാനത്തിന് വിധേയമായി മൂന്ന് പ്രോത്സാഹന സമ്മാനമായി മെറിറ്റ് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. സമ്മാനത്തിന് പകരമായി പണമോ മറ്റേതെങ്കിലും ഉപഹാരങ്ങളോ അനുവദിക്കുന്നതല്ല. സമ്മാനങ്ങൾ വിജയികളായിട്ടുള്ള മത്സരാർത്ഥിക്ക മാത്രമേ കൈമാറുകയുള്ളൂ. സമ്മാനങ്ങൾ സ്വീകരിക്കുന്നത്, വിജയികളുടെ പേര് വെളിപ്പെടുത്തിക്കൊണ്ട് മത്സരത്തിനായി അവർ സമർപ്പിച്ച സൃഷ്ടികൾ മറ്റു പ്രതിഫലം നൽകാതെ വനം വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്ക് നിയമപരമായി ഉപയോഗിക്കുന്നതിനുള്ള എല്ലാ അവകാശവും വനം വകുപ്പിന് നൽകുന്നതായിരിക്കും.

14. **മത്സരാർത്ഥി വനം വകുപ്പ് അനുവദിക്കുന്ന അവകാശങ്ങൾ:** മത്സരത്തിൽ പങ്കെടുക്കുന്നതോടെ അപേക്ഷകന്റെ പേര്, സമര്പ്പിച്ചിരിക്കുന്ന സൃഷ്ടി, ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾ തുടങ്ങിയവ ഇപ്പോഴുള്ളതോ ഭാവിയിൽ നിലവിൽ വരാവുന്നതോ ആയ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പൂർണ്ണ അവകാശം മത്സരാര്ത്ഥി വനം വകുപ്പിന് സ്വമേധയാ അനുവദിക്കുന്നു. മത്സരത്തിൽ

പങ്കെടുക്കുന്നതോടെ സമർപ്പിച്ചിരിക്കുന്നത് സ്വന്തം സൃഷ്ടിയാണെന്നും മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ യാതൊരുവിധ ലംഘനവും ഇതുവഴി നടത്തിയിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നു. മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനത്തിന് മത്സരത്തിലേക്കയക്കുന്ന സൃഷ്ടിയുടെ ഉള്ളടക്കം വഴിവയ്ക്കുന്നുവെങ്കിൽ മത്സരാർത്ഥി അത് സംബന്ധിച്ച തീർപ്പുകൾക്കായി സ്വന്തം നിലയിലും ചെലവിലും നടപടി സ്വീകരിക്കേണ്ടതും വനം വകുപ്പിനെ ഇതു സംബന്ധിച്ച തർക്കങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

15. **മറ്റു വ്യവസ്ഥകളും നിബന്ധനകളും:** മത്സരം ഏതു ഘട്ടത്തിലും അവസാനിപ്പിക്കുന്നതിനും, ഉപേക്ഷിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും ഉള്ള പൂർണ്ണ അധികാരം വനം വകുപ്പിനുണ്ടായിരിക്കുന്നതാണ്. മനഃപൂര്വ്വ്മായുള്ള പീഢനത്തിലൂടെ വന്യജീവികൾക്ക് നാശമോ ക്ഷതമോ വരുത്തി എടുത്തിട്ടുള്ള സൃഷ്ടി ആണെന്ന് ബോദ്ധ്യപ്പെട്ടാൽ ആയത് അയോഗ്യമാക്കുക മാത്രമല്ല നിയമ പ്രകാരമുള്ള നടപടികള്ക്ക് വിധേയരാക്കുന്നതുമാണ്. അപേക്ഷാ സമര്പ്പണത്തിലോ, മത്സര രീതിയിലോ, നിബന്ധനകളിലോ അനാവശ്യ കൈകടത്തലുകൾ നടത്തുന്ന വ്യക്തികളെ അയോഗ്യരാക്കുവാനുള്ള പൂർണ്ണ അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

16. **തടസ്സവാദങ്ങൾ:** മത്സരം സംബന്ധിച് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളം**

WLW.SFC.2026.ID.NO. ..........................................

Passport size photo

**KERALA FOREST DEPARTMENT**

**WILDLIFE WEEK CELEBRATION – 2026**

## Registration Form for Wildlife Reel Contest – 2026

### A. Details of Reel maker

| | | | |
|---|---|---|---|
| **1.** | Name | : | |
| **2.** | Gender | : | |
| **3.** | Address | : | |
| **4.** | Identification Proof (Voters ID/Aadhar / Driving License or any other ID issued by any Govt. Department) | : | Self attested copy to be attached. |
| **5.** | Contact Number | : | |
| **6.** | Email ID | : | |
| **7.** | Profession | : | |

### B. Details of Reel submitted as Entry to the Contest

| | | | |
|---|---|---|---|
| **1.** | Description of the Film<br>(in maximum of 200 words) | : | |
| **2.** | Duration of the Film | : | |
| **3.** | Language of the Film | : | |
| **4.** | Location of Filming | : | |
| **5.** | Period of Filming | : | |
| **6.** | Production house / producer | : | |

## UNDERTAKING BY THE CONTESTANT

I,.........................................................................................................................residing at..................**[Full Postal Address]**, hereby submit my entry titled **"[Title of the Reel]"** for the **Wildlife Reel Contest – 2026** organized by the Kerala Forest Department.

I hereby solemnly declare, undertake, and confirm that:

- The submitted video reel has been captured strictly within the geographical boundaries of the State of Kerala.
- All personal details, footage descriptions, and metadata provided by me in the application form are true, correct, and authentic.
- The entry is my original work. I hold full copyright and rights to all visual, audio, and visual-effect components used in the video, or I have used fully licensed/ royalty-free audio assets.
- The footage was shot without violating any rules of the Wildlife (Protection) Act, 1972, the Kerala Forest Act, 1961, or any statutory orders regarding restricted forest/wildlife areas. No wildlife was harmed, harassed, baited, or disturbed during the shooting process.
- The submitted reel adheres strictly to the specified aspect, resolution guidelines, and duration limits.
- I accept full legal and financial responsibility for any consequences, claims, or legal actions arising out of false/fake entries, copyright infringement, or violation of forest regulations. The Department shall remain indemnified against any third-party claims.

I have read, understood, and unreservedly agree to abide by all the terms, conditions, and guidelines governing the **Wildlife Reel Contest – 2026**.

**Signature of the Contestant with date**

KFDHQ-6907/2026-CWW/WL10

# കേരള വനം വകുപ്പ്
# വന്യജീവി വാരാഘോഷം 2026

# വന്യജീവി ഫോട്ടോഗ്രാഫി മത്സരം 2026
(വനം വകുപ്പ് ജീവനക്കാർക്ക് മാത്രം)

## മത്സരവിവരങ്ങളും നിബന്ധനകളും

വന്യജീവി ഫോട്ടോഗ്രാഫി 2026-ലെ മത്സരാർത്ഥികൾ ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. നിബന്ധനകൾ ലംഘിക്കുന്ന പക്ഷം മത്സരാർത്ഥികളെ അയോഗ്യരാക്കുന്നതായിരിക്കും.

### 1. യോഗ്യത

വന്യജീവി ഫോട്ടോഗ്രാഫി 2026 മത്സരത്തിൽ വനം വകുപ്പിലെ എല്ലാ ജീവനക്കാർക്കും പങ്കെടുക്കാവുന്നതാണ്

### 2. വ്യവസ്ഥകൾ

മത്സരവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും അറിഞ്ഞിരിക്കുവാനും പാലിക്കുവാനും മത്സരാർത്ഥികൾ ബാദ്ധ്യസ്ഥരാണ്. മത്സരിക്കുന്നതിനുള്ള യോഗ്യതകൾ മത്സരാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ സ്വീകരിക്കുന്ന തീരുമാനങ്ങൾ അന്തിമവും അത് അംഗീകരിക്കുവാൻ ഓരോ മത്സരാർത്ഥിയും ബാദ്ധ്യസ്ഥരുമാണ്.

### 3. സമയപരിധി

വന്യജീവി ഫോട്ടോഗ്രാഫി 2026-ലെ മത്സരത്തിൽ പങ്കെടുക്കുന്നതിന് ഓൺലൈനായി ഫോട്ടോകൾ സമർപ്പിക്കേണ്ടതിന്റെ സമയ പരിധി 24/09/2026 രാവിലെ 10 മണി മുതൽ 03/10/2026 വൈകുന്നേരം 5 മണി വരെയാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ഫോട്ടോകൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.

### 4. മത്സരത്തിൽ പങ്കെടുക്കുന്ന വിധം

മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല. മത്സരത്തിനായുള്ള ഫോട്ടോകൾ ഓൺലൈനായി കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.forest.kerala.gov.in** ൽ പ്രവേശിച്ച് **"Wildlife Photography Contest (Staff Category) 2026"** എന്ന ലിങ്കിലൂടെയാണ് സമർപ്പിക്കേണ്ടത്. മറ്റേതെങ്കിലും തരത്തിലുള്ള എൻട്രികൾ നിരസിക്കുന്നതാണ്. സമർപ്പിക്കുന്ന ഫോട്ടോഗ്രാഫുകൾ നിർദ്ദേശം 7-ൽ പറയുന്ന സാങ്കേതിക നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം.

## 5. മത്സരത്തിനായുള്ള വിഷയം

കേരളത്തിൽ ചിത്രീകരിച്ച, "Living in Harmony with Nature" പ്രമേയമാക്കിയുള്ള ചിത്രങ്ങളായിരിക്കണം എൻട്രികൾ.

## 6. സമർപ്പിക്കാവുന്ന ഫോട്ടോഗ്രാഫുകളുടെ എണ്ണം

ഓരോ മത്സരാർത്ഥിക്കും പരമാവധി 5 ഫോട്ടോകൾ വരെ സമർപ്പിക്കാവുന്നതാണ്.

## 7. ഫോട്ടോഗ്രാഫ് എൻട്രിയുടെ സാങ്കേതിക സവിശേഷതകൾ:

**ഫോർമാറ്റ്:** ഫോട്ടോഗ്രാഫുകൾ RAW ഫോർമാറ്റിലും (JPG, JPEG, X3F, RW2, NEF, MOS, PEF, TIF, RAF, DNG, CR2, CR3, PNG, RAW, KDC, NRW, SR2, 3FR, MEF, IIQ, DCR, ORF, SRF, ARW, CRW, AVIF, PSD, TIFF) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലും എടുത്തതായിരിക്കണം. ആവശ്യപ്പെടുന്ന പക്ഷം ഫോട്ടോയെടുക്കുന്ന തീയതി വ്യക്തമാക്കണം. എല്ലാ എൻട്രികളും JPEG ഫോർമാറ്റിൽ അപ്‌ലോഡ് ചെയ്യണം. മത്സരാർത്ഥികൾ അവരുടെ പേര് അടിക്കുറിപ്പിലോ ഫോട്ടോഗ്രാഫിലോ ഉൾപ്പെടുത്തരുത്, കൂടാതെ ഫയൽ മെറ്റാ ഡാറ്റയിൽ അവരുടെ പേരോ ഉടമസ്ഥത, പകർപ്പവകാശം തുടങ്ങിയ മറ്റു തിരിച്ചറിയൽ വിവരങ്ങളോ ഉൾപ്പെടുത്താൻ പാടില്ല.

**വലുപ്പവും റെസല്യൂഷനും:** JPEG രീതിയിൽ സമർപ്പിക്കുന്ന ഫോട്ടോഗ്രാഫുകൾ ഉയർന്ന റെസല്യൂഷനിൽ (ഫോട്ടോഷോപ്പിൽ കുറഞ്ഞത് 8 എന്ന നിലവാരത്തിൽ അഥവാ Adobe RGB (1998), 1920 പിക്സലുകൾ), സമർപ്പിക്കണം. ബോർഡറുകളോ വാട്ടർമാർക്കുകളോ ഒപ്പുകളോ ഉള്ള ഫോട്ടോഗ്രാഫുകൾ ജൂറി പരിഗണിക്കില്ല.

ആധികാരികമാക്കാൻ കഴിയാത്തതോ സ്വീകാര്യമായ ഗുണനിലവാരമില്ലാത്തതോ ആയ ഏതൊരു എൻട്രിയും അയോഗ്യമാക്കപ്പെടും. ഇമേജിന്റെ സ്റ്റാൻഡേർഡ് ഒപ്റ്റിമൈസേഷൻ (സ്റ്റാൻഡേർഡ് ഒപ്റ്റിമൈസേഷൻ എന്നാൽ നിറം, ടോൺ, കോൺട്രാസ്റ്റ് എന്നിവ ക്രമീകരിക്കൽ, വ്യക്തതകൂട്ടൽ, ബേർണിംഗ്, ഡോഡ്ജിംഗ്, നോയ്സ് റിമൂവൽ, തെളിച്ചം, ഡസ്റ്റ് റിമൂവൽ, ചെറിയ അളവിൽ ക്രോപ്പിംഗ് എന്നിവ) അനുവദിക്കും. യഥാർത്ഥ ചിത്രത്തിന്റെ ആധികാരികതയെ മാറ്റുന്ന എത്തരത്തിലുള്ള കൃത്രിമത്വവും അയോഗ്യതയിലേക്ക് നയിക്കും.

മത്സര കാലയളവിൽ റോ ഫയൽ എൻട്രികൾ അപ്‌ലോഡ് ചെയ്യുമ്പോഴുള്ള കണക്റ്റിവിറ്റി പ്രശ്നങ്ങൾ അപേക്ഷകന്റെ ഭാഗത്തുനിന്നുള്ള കണക്റ്റിവിറ്റി സൗകര്യവുമായി ബന്ധപ്പെട്ടതാണെങ്കിൽ, അത്തരം വീഴ്ചകൾക്ക് വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

## 8. ധാർമ്മിക മാർഗ്ഗ നിർദ്ദേശങ്ങൾ

സമർപ്പിച്ച എല്ലാ ഫോട്ടോഗ്രാഫുകളും ക്രിയാത്മകവും സത്യസന്ധവും ധാർമ്മികവുമായ രീതിയിൽ പ്രകൃതി ലോകത്തെ കൃത്യമായി പ്രതിനിധീകരിക്കണം. ദൃശ്യങ്ങളിൽ കൃത്രിമം കാണിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

എൻട്രികൾ വഴി കാഴ്ചക്കാരനെ തെറ്റിദ്ധരിപ്പിക്കുകയോ പ്രകൃതിയുടെ യാഥാർത്ഥ്യത്തെ തെറ്റായി ചിത്രീകരിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. നൽകിയിരിക്കുന്ന എല്ലാ അടിക്കുറിപ്പ് വിവരങ്ങളും സമഗ്രവും സത്യസന്ധവും കൃത്യവുമായിരിക്കണം. ബന്ദികളാക്കിയ / നിയന്ത്രിക്കപ്പെട്ട / കൃത്രിമം കാണിക്കുന്നതുമായ മൃഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ / മാതൃകകൾ / ടാക്സിഡെർമി മാതൃകകൾ അല്ലെങ്കിൽ മറ്റേതെങ്കിലും മൃഗങ്ങളെ ലാഭത്തിനായി ചൂഷണം ചെയ്യുന്നതുമായ ഫോട്ടോഗ്രാഫുകളും കർശനമായി നിരോധിച്ചിരിക്കുന്നു.

ഫോട്ടോ സുരക്ഷിതമാക്കാനുള്ള ശ്രമത്തിൽ മത്സരാർത്ഥികൾ മൃഗങ്ങളെ ഉപദ്രവിക്കുന്നതും, അവയുടെ ആവാസ വ്യവസ്ഥയ്ക്ക് കേടുപാടുകൾ വരുത്തുന്നതും കർശനമായി

നിരോധിച്ചിരിക്കുന്നു. വൈഡ് ആംഗിൾ ലെൻസുകൾ ഉപയോഗിച്ച് കൂടുകളിൽ ഫോട്ടോ എടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും, ടെലി ഫോട്ടോലെൻസുകൾ അനുവദനീയമാണ്. മൃഗങ്ങളുടെ ക്ഷേമത്തിന് എല്ലായ്പ്പോഴും മുൻഗണന നൽകണം. ഫോട്ടോഗ്രാഫിക്കായി ഡ്രോണുകളുടെ ഉപയോഗം അനുവദനീയമല്ല.

നേരിട്ടോ നിരുത്തരവാദപരമായ ശീലം വഴിയോ മൃഗത്തെ അപകടപ്പെടുത്തുന്നതോ അതിന്റെ സ്വഭാവത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ ഏതെങ്കിലും തരത്തിലുള്ള ചൂണ്ടയിടൽ അനുവദനീയമല്ല. ഗന്ധം, ജീവികളുടെ ശബ്ദങ്ങൾ ഉപയോഗിച്ചോ വന്യജീവികളെ ആകർഷിക്കൽ എന്നിവയുൾപ്പെടെയുള്ള മറ്റ് ആകർഷണ മാർഗങ്ങൾ അനുവദനീയമല്ല. നിരുത്തരവാദപരമായ ചൂണ്ടയിടലോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ട നിയമത്തിന്റേയും ചട്ടങ്ങളുടെയും ലംഘനം ഉൾപ്പെടെയുള്ള ക്രൂരമോ അധാർമ്മികമോ ആയ നടപടികളിലൂടെയാണ് പ്രവേശനം നേടിയതെന്ന് കണ്ടെത്തിയാൽ, പ്രവേശനം അയോഗ്യമാക്കുകയും ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യും.

## 9. വിധി നിർണ്ണയവും ഫലപ്രഖ്യാപനവും

2026-ലെ വന്യജീവി ഫോട്ടോഗ്രാഫി മത്സരത്തിന്റെ മൂല്യനിർണ്ണയം ഓപ്പൺ ജഡ്ജിംഗ് പ്രക്രിയയിലൂടെയാണ് നടത്തുന്നത്. മൂന്നോ അഞ്ചോ ജഡ്ജിമാരുടെ (ജൂറി) ഒരു പാനൽ എൻട്രികൾ വിലയിരുത്തും, അംഗങ്ങളിൽ നിന്ന് ഒരാളെ ജൂറി ചെയർപേഴ്സണായി തിരഞ്ഞെടുക്കും. വന്യജീവി ഫോട്ടോഗ്രാഫിയിൽ പ്രാഗത്ഭ്യവും പരിജ്ഞാനവുമുള്ള വിധികർത്താക്കളുടെ സമിതിയാകും ഫോട്ടോകളുടെ മൂല്യനിർണ്ണയം നടത്തുക. ഉയർന്ന റെസല്യൂഷനിലുള്ള എൽഇഡി സ്ക്രീനിലൂടെയാണ് വിധിനിർണ്ണയം നടത്തുന്നത്. വിധിനിർണ്ണയ പ്രക്രിയ കാണാൻ ആഗ്രഹിക്കുന്നവർക്ക്, പൊതുജനങ്ങൾക്കായി നിഷ്കർഷിച്ചിട്ടുള്ള സ്ഥലത്ത് ഇരിക്കാവുന്നതാണ്. സന്ദർശകർ വിധിനിർണ്ണയ പ്രക്രിയയിൽ ഒരു തരത്തിലും ഇടപെടാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. വിധിനിർണ്ണയ പ്രക്രിയ സാമൂഹിക മാധ്യമങ്ങൾ വഴി തത്സമയ സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിധി നിർണ്ണയവുമായി ബന്ധപ്പെട്ട് യാതൊരുവിധ ബാഹ്യ ഇടപെടലുകളും അനുവദിക്കുന്നതല്ല. മത്സര കാലയളവിൽ (2026 സെപ്റ്റംബർ 24-ന് രാവിലെ 10:00 മണി മുതൽ 2026 സെപ്റ്റംബർ ഒക്ടോബർ 03-ന് വൈകുന്നേരം 5:00 മണി വരെ) ലഭിച്ചതും, മറ്റ് നിബന്ധനകൾ കൃത്യമായി പാലിച്ചതുമായ ചിത്രങ്ങൾ വന്യജീവി ഫോട്ടോഗ്രാഫി മത്സരം 2026-ന്റെ നോഡൽ ഓഫീസർ (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (FMIS)) ഒക്ടോബർ 04-ന് സൂക്ഷ്മപരിശോധന നടത്തുന്നതാണ്.

മത്സര വിജയികളെ ഇ-മെയിൽ/ ടെലഫോൺ മുഖാന്തരമോ മത്സരഫലം അറിയിക്കുന്നതാണ്. വിജയികളുടെ വിവരങ്ങൾ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. സ്പാം / ജങ്ക്മെയിൽ / മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ അല്ലെങ്കിൽ തെറ്റായതോ പ്രവർത്തന രഹിതമായതോ ആയിട്ടുള്ള വിവരങ്ങൾ നൽകുന്നത് വഴി മത്സരഫലം യഥാസമയം വിജയികൾ അറിയാതിരിക്കുന്നതിന് സംസ്ഥാന വനം വകുപ്പ് ഉത്തരവാദികളല്ല.

## 10. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹർക്ക് യഥാക്രമം ₹10,000/-. ₹5,000/-, ₹2,500/- (അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന സർക്കാർ ഉത്തരവിനു വിധേയമായി) എന്നിങ്ങനെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകുന്നതാണ്. ഇത് കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന 03 മത്സരാർത്ഥികൾക്ക് സമാശ്വാസസമ്മാനമായി മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നതാണ്. സമ്മാനത്തിന് പകരമായി പണമോ ഉപഹാരങ്ങളോ അനുവദിക്കുന്നതല്ല. സമ്മാനങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. സമ്മാനം സ്വീകരിക്കുന്നതോടൊപ്പം വിജയികളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്

വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള എല്ലാ അവകാശവും വനം വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്.

## 11. മത്സരാർത്ഥികൾക്ക് അനുവദിക്കുന്ന അവകാശങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നതോടെ അപേക്ഷകന്റെ പേര്, സമർപ്പിച്ചിരിക്കുന്ന ഫോട്ടോ, ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾ തുടങ്ങിയവ ഇപ്പോഴുള്ളതോ ഭാവിയിൽ നിലവിൽ വരാവുന്നതോ ആയ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കു-ന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പൂർണ്ണ അവകാശം മത്സരാർത്ഥി വനം വകുപ്പിന് അറിഞ്ഞ് അനുവദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതോടെ സമർപ്പിച്ചിരിക്കുന്ന ഫോട്ടോ സ്വന്തം സൃഷ്ടിയാണെന്നു മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശ-ത്തിന്റെ യാതൊരുവിധ ലംഘനവും ഇതുവഴി നടത്തിയിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നു. മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനത്തിന് മത്സരത്തിലേക്ക-യക്കുന്ന ഫോട്ടോയുടെ ഉള്ളടക്കം വഴിവയ്ക്കുന്നുവെങ്കിൽ മത്സരാർത്ഥി അത് സംബന്ധിച്ച തീർപ്പുകൾക്കായി സ്വന്തം നിലയിലും ചെലവിലും നടപടി സ്വീകരിക്കേണ്ടതും വനം വകുപ്പിനെ ഇതു സംബന്ധിച്ച തർക്കങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിവാ-ക്കേണ്ടതുമാണ്.

## 12. മറ്റ് വ്യവസ്ഥകളും നിബന്ധനകളും

ഏതു ഘട്ടത്തിലും മത്സരം അവസാനിപ്പിക്കുന്നതിനും, ഉപേക്ഷിക്കുന്നതിനും, മാറ്റിവ-യ്ക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും ഉള്ള പൂർണ്ണ അധികാരം വനം വകുപ്പിനുണ്ടായിരി-ക്കുന്നതാണ്. മനഃപൂർവ്വമായുള്ള പീഢനത്തിലൂടെ വന്യജീവികൾക്ക് നാശമോ ക്ഷതമോ വരുത്തി എടുത്തിട്ടുള്ള ഫോട്ടോഗ്രാഫുകൾ ആണെന്ന് ബോദ്ധ്യപ്പെട്ടാൽ ഫോട്ടോഗ്രാഫു-കൾ അയോഗ്യമാക്കുക മാത്രമല്ല നിയമ പ്രകാരമുള്ള നടപടികൾക്ക് വിധേയരാക്കുന്ന-തുമാണ്. അപേക്ഷാ സമർപ്പണത്തിലോ, മത്സര രീതിയിലോ, നിബന്ധനകളിലോ അനാവശ്യ കൈകടത്തലുകൾ നടത്തുന്ന വ്യക്തികളെ അയോഗ്യരാക്കുവാനുള്ള പൂർണ്ണ അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

## 13. തടസ്സവാദങ്ങൾ

മത്സരം സംബന്ധിച്ച് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ തീരുമാനം അന്തിമമാ യിരിക്കും.

**ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളം**

KFDHQ-6907/2026-CWW/WL10

# കേരള വനം വകുപ്പ്
# വന്യജീവി വാരാഘോഷം 2026
# "പ്രകൃതിയോടൊപ്പം, സുന്ദര നാളേയ്ക്കായി"- ഉപന്യാസ രചനാ മത്സരം 2026
### (വനം വകുപ്പ്ജീവനക്കാർക്ക്മാത്രം)

## മത്സരവിവരങ്ങളും നിബന്ധനകളും

2026 ലെ **ഉപന്യാസരചനാ ("പ്രകൃതിയോടൊപ്പം, സുന്ദര നാളേയ്ക്കായി")** മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ ഇനി പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും മത്സരാർത്ഥികൾ വിധേയരായിരിക്കും. ഇവയുടെ ലംഘനം മത്സരത്തിൽ പങ്കെടുക്കുന്നതിൽ നിന്നുള്ള അയോഗ്യതയായി കണക്കാക്കുന്നതാണ്.

## യോഗ്യത

വനംവകുപ്പിലെ എല്ലാ ജീവനക്കാർക്കും പ്രസ്തുത ഉപന്യാസ രചനാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ് .

## മത്സരാർത്ഥികൾക്കുള്ള നിബന്ധനകൾ

മത്സരത്തിന് ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയരാണ് എല്ലാ മത്സരാർത്ഥികളും. കൂടാതെ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരാണെന്ന് മത്സരാർത്ഥി-കൾ ഉറപ്പാക്കേണ്ടതാണ്. മത്സരത്തിനായി ലഭിക്കുന്ന യാത്രാവിവരണങ്ങളുടെ യോഗ്യതയെ സംബന്ധിച്ച ചീഫ് വൈൽഡ്ലൈഫ് വാർഡന്റെതീരുമാനങ്ങൾ അന്തിമമാ-യിരിക്കും.

## സമയപരിധി

ഉപന്യാസരചനാമത്സരം 2026-ലെ മത്സരത്തിൽ പങ്കെടുക്കുന്നതിന് എൻട്രികൾ സമർപ്പിക്കേണ്ടതിന്റെ സമയപരിധി 20/09/2026 രാവിലെ 10:00 മണിക്ക് ആരംഭിച്ച് 30/09/2026 വൈകുന്നേരം 5:00 മണിക്ക് അവസാനിക്കുന്നതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ യാതൊരുകാരണവശാലുംമത്സരത്തിനായി പരിഗണിക്കുന്നതല്ല.

## മത്സരത്തിലേക്ക് അപേക്ഷിക്കുന്നതിനുള്ള രീതി

മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്നതിനായി മത്സരാർത്ഥികൾ എൻട്രിക്കൊപ്പം കൃത്യമായി പൂരിപ്പിച്ച നിശ്ചിത രജിസ്ട്രേഷൻ ഫോം കൂടി മത്സരകാലയളവിൽ **wlweekfd.essay@gmail.com**എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്. കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in ൽ ലഭ്യമാക്കിയിട്ടുള്ള നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചാണ് അയയ്ക്കേണ്ടത്. രജിസ്ട്രേഷൻ ഫോമിനൊപ്പം മത്സരാർത്ഥിയുടെ ഐ.ഡി. കാർഡിന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം ഇല്ലാത്തതും ഉപാധികൾക്ക് അനുസൃതമല്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. മത്സരാർത്ഥികൾ വഞ്ചനാപരമായ രീതി സ്വീകരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഉപാധികളിലോ നിബന്ധനകളിലോ വീഴ്ചവരുത്തുന്ന സാഹചര്യത്തിൽ അത്തരം അപേക്ഷകൾ നിരുപാധികംനിരസിക്കുന്നതായിരിക്കും. ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

## മത്സര വിഷയം

മത്സരത്തിലേക്ക് സമർപ്പിക്കുന്ന എൻട്രികൾ " **പ്രകൃതിയോടൊപ്പം, സുന്ദര നാളേയ്ക്കായി** " എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരിക്കണം.

## സമർപ്പിക്കുന്ന ഉപന്യാസങ്ങളെസംബന്ധിച്ച്

ഒരു മത്സരാർത്ഥിക്ക് ഈ മത്സരത്തിലേക്ക് ഒരു എൻട്രി മാത്രമേ സമർപ്പിക്കുവാൻ അനുവാദമുള്ളൂ.

സമർപ്പിക്കാവുന്ന ഉപന്യാസത്തിനായി നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ:

- **ദൈർഘ്യം:** ഉപന്യാസങ്ങൾ പരമാവധി 1000 – 1500വാക്കുകളിൽ കവിയരുത്.
- **രചനയുടെ തനിമ (Originality):** ഉപന്യാസങ്ങൾ പൂർണ്ണമായും സ്വന്തം രചനയായിരിക്കണം. മുൻപ് എവിടെയെങ്കിലും പ്രസിദ്ധീകരിച്ചതോ മറ്റ് മത്സരങ്ങൾക്ക് അയച്ചതോ ആയ രചനകൾ സ്വീകരിക്കുന്നതല്ല. പകർപ്പവകാശ ലംഘനമോ എ.ഐ (AI) ടൂളുകൾ ഉപയോഗിച്ച് നിർമ്മിച്ചതോ ആയ ഉള്ളടക്കമോ ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷ നിരസിക്കുന്നതാണ്.
- ഉപന്യാസങ്ങൾ PDF അല്ലെങ്കിൽ Word Document (.docx) ഫോർമാറ്റിൽ താഴെകാണുന്നഇമെയിൽ വിലാസത്തിലേക്ക്മാത്രംഅയക്കുക: wlweekfd.essay@gmail.com

- ഇമെയിലിന്റെസബ്ജക്ട്ലൈനിൽ (Subject Line) **"ഉപന്യാസ മത്സരം 2026 (വനംവകുപ്പ്ജീവനക്കാർക്ക്മാത്രം) "** എന്ന്വ്യക്തമായിരേഖപ്പെടുത്തണം.

- കൈയെഴുത്ത്പ്രതികളാണെങ്കിൽ, വ്യക്തമായിവായിക്കാവുന്നരീതിയിൽ സ്കാൻ ചെയ്ത് (Scan) സിംഗിൾ PDF (Single PDF) ഫയലായിഇമെയിലിൽ അറ്റാച്ച്ചെയ്യേണ്ടതാണ്.

## സമർപ്പിക്കുന്ന യാത്രാവിവരണങ്ങളുടെ സൂക്ഷ്മ പരിശോധന

സമയ പരിധിക്കുള്ളിൽ (20/09/2026 രാവിലെ 10:00 മണി മുതൽ 30/09/2026 വൈകുന്നേരം 5:00 മണി വരെ) ലഭിച്ച ഉപന്യാസങ്ങളുടേയും മത്സരാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകളുടേയും സൂക്ഷ്മ പരിശോധന നടത്തുന്നത് 01/10/2026 ന് ആയിരിക്കും. നിശ്ചിത സമയപരിധിയായ 30/09/2026 ന് വൈകുന്നേരം 5:00 മണിക്ക് ശേഷം ലഭിക്കുന്ന യാത്രാ വിവരണങ്ങൾ നിരസിക്കുന്നതാണ്.

## വിധി നിർണ്ണയവും ഫലപ്രഖ്യാപനവും

മത്സരത്തിനായി ലഭിക്കുന്ന രചനകൾ വിഷയത്തിൽ പ്രാഗത്ഭ്യവും പരിജ്ഞാനവുമുള്ള വിധികർത്താക്കളുടെ സമിതിയാകും മൂല്യനിർണ്ണയം നടത്തുക. വിധി നിർണ്ണയവുമായി ബന്ധപ്പെട്ട യാതൊരുവിധ ബാഹ്യ ഇടപെടലുകളും അനുവദിക്കുന്നതല്ല. 04/10/2026 ന് മത്സരവിജയികളെ ഇ-മെയിൽ/ടെലഫോൺ മുഖാന്തരമോ മത്സരഫലം അറിയിക്കുന്നതാണ്. മത്സരഫലം വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. സ്പാം / ജങ്ക് മെയിൽ ഫിൽറ്ററുകൾ കാരണമോ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ അല്ലെങ്കിൽ തെറ്റായതോ പ്രവർത്തന രഹിതമായതോ ആയ വ്യക്തിവിവരങ്ങൾ നൽകുന്നതോ വഴി വിജയികൾ മത്സരഫലം യഥാസമയം അറിയാതിരിക്കുന്നതിന് സംസ്ഥാന വനം വകുപ്പ് ഉത്തരവാദികളല്ല.

## മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹർക്ക് യഥാക്രമം ₹7,500/-, ₹4,500/-, ₹2,500/- (സംസ്ഥാന സർക്കാരിന്റെ ഇത് സംബന്ധിച്ച ഉത്തരവിന് വിധേയമായി) തുടങ്ങിയ തുക ക്യാഷ്പ്രൈസും കൂടാതെ സർട്ടിഫിക്കറ്റും നൽകുന്നതാണ്. ഇത് കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് മത്സരാർത്ഥികൾക്ക് സമാശ്വാസ സമ്മാനമായി മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. സമ്മാനത്തിന് പകരമായി പണമോ സമ്മാനം സ്വീകരിക്കുന്നതിന് പകരക്കാരെയോ അനുവദിക്കുന്നതല്ല. സമ്മാനങ്ങൾ കൈമാറ്റം ചെയ്യാവുന്നതല്ല. സമ്മാനത്തുകയിന്മേൽ വരുന്ന കേന്ദ്ര / സംസ്ഥാന / പ്രാദേശിക നികുതികളും മറ്റു ചെലവുകളും സമ്മാനാർഹരുടെ മാത്രം ഉത്തരവാദിത്വമായിരിക്കും. സമ്മാനത്തുകയ്ക്ക് പകരമായി മറ്റെന്തെങ്കിലുമോ സമ്മാനത്തിന്റെ കൈമാറ്റമോ സാധ്യമല്ല. സമ്മാനം

സ്വീകരിക്കുന്നതിലൂടെ വിജയിയുടെ പേരും മത്സരത്തിനായി സമർപ്പിച്ച എൻട്രി പരസ്യപ്പെടുത്തുന്നതിന് വനം വകുപ്പിന് അധികാരം കൈവരുന്നതാണ്.

## മത്സരാർത്ഥിക്ക് അനുവദിക്കുന്ന അവകാശങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നതോടെ അപേക്ഷകന്റെ പേര്, സമർപ്പിച്ചിരിക്കുന്ന എൻട്രി, ഇത് സംബന്ധിച്ച മറ്റു വിവരങ്ങൾ തുടങ്ങിയവ ഇപ്പോഴുള്ളതോ ഭാവിയിൽ നിലവിൽ വരാവുന്നതോ ആയ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും പൂർണ്ണ അവകാശം മത്സരാർത്ഥി വനം വകുപ്പിന് അറിഞ്ഞ് അനുവദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതോടെ സമർപ്പിച്ചിരിക്കുന്ന എൻട്രി സ്വന്തം സൃഷ്ടിയാണെന്നും മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ യാതൊരുവിധ ലംഘനവും ഇതുവഴി നടത്തിയിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നു. മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനത്തിന് മത്സരത്തിലേക്ക് അയയ്ക്കുന്ന എൻട്രി ഉള്ളടക്കം വഴിവയ്ക്കുന്നു എങ്കിൽ മത്സരാർത്ഥി അത് സംബന്ധിച്ച തീർപ്പുകൾക്കായി സ്വന്തം നിലയിലും ചെലവിലും നടപടി സ്വീകരിക്കേണ്ടതും വനം വകുപ്പിനെ ഇത് സംബന്ധിച്ച തർക്കങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## മറ്റു നിബന്ധനകൾ

ഈ മത്സരം ഏതൊരു ഘട്ടത്തിലും ഉപേക്ഷിക്കുവാനോ പുതുക്കുവാനോ പുനഃക്രമീകരിക്കുവാനോ ഉള്ള പൂർണ്ണമായ അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

## തടസ്സവാദങ്ങൾ

മത്സരം സംബന്ധിച്ച് ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, കേരളം**

WLW.WPD.2026.ID.NO. ……………………………………

| Passport size photo |
|---|

**KERALA FOREST DEPARTMENT**

**WILDLIFE WEEK CELEBRATION - 2026**

## Registration Form for Essay Contest (Staff Category) – 2026

**A. Details of the Applicant**

| | | | |
|---|---|---|---|
| **1.** | Name | : | |
| **2.** | Gender | : | |
| **3.** | Designation | | |
| **4.** | Office Address | : | |
| **5.** | Identification Proof (Voters ID/Aadhar / Driving License or any other ID issued by any Govt. Department) | : | Self attested copy to be attached |
| **6.** | Contact Number | : | |
| **7.** | Email ID | : | |

**Undertaking**

I have read and understood the terms and conditions for the Essay Contest (Staff Category) – 2026 and all the details provided by me are true and I take full responsibility of any consequences due to my false / fake entries.

Signature of the Contestant with date

KFDHQ-6907/2026-CWW/WL10

# കേരള വനം വകുപ്പ്
# വന്യജീവി വാരാഘോഷം 2026
# "കാടനുഭവം"- വനയാത്രാ വിവരണ മത്സരം 2026
(വനം വകുപ്പ് ജീവനക്കാർക്ക് മാത്രം)

## മത്സരവിവരങ്ങളും നിബന്ധനകളും

2026 ലെ **"കാടനുഭവം"**-വനയാത്രാ വിവരണ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ ഇനി പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും മത്സരാർത്ഥികൾ വിധേയരായിരിക്കും. ഇവയുടെ ലംഘനം മത്സരത്തിൽ പങ്കെടുക്കുന്നതിൽ നിന്നുള്ള അയോഗ്യതയായി കണക്കാക്കുന്നതാണ്.

### 1. യോഗ്യത

വനം വകുപ്പിലെ എല്ലാ ജീവനക്കാർക്കും പ്രസ്തുത യാത്രാ വിവരണ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ് .

### 2. മത്സരാർത്ഥികൾക്കുള്ള നിബന്ധനകൾ

മത്സരത്തിന് ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയരാണ് എല്ലാ മത്സരാർത്ഥികളും. കൂടാതെ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരാണെന്ന് മത്സരാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. മത്സരത്തിനായി ലഭിക്കുന്ന യാത്രാവിവരണങ്ങളുടെ യോഗ്യതയെ സംബന്ധിച്ച ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

### 3. സമയപരിധി

വനയാത്രാ വിവരണ മത്സരം 2026 ലെ മത്സരത്തിൽ പങ്കെടുക്കുന്നതിന് എൻട്രികൾ സമർപ്പിക്കേണ്ടതിന്റെ സമയപരിധി 20/09/2026 രാവിലെ 10:00 മണിക്ക് ആരംഭിച്ച് 30/09/2026 വൈകുന്നേരം 5:00 മണിക്ക് അവസാനിക്കുന്നതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ യാതൊരുകാരണവശാലും മത്സരത്തിനായി പരിഗണിക്കുന്നതല്ല.

### 4. മത്സരത്തിലേക്ക് അപേക്ഷിക്കുന്നതിനുള്ള രീതി

മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്നതിനായി മത്സരാർത്ഥികൾ എൻട്രിക്കൊപ്പം കൃത്യമായി പൂരിപ്പിച്ച നിശ്ചിത രജിസ്ട്രേഷൻ ഫോം കൂടി മത്സരകാലയളവിൽ wlweekfd.travel@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്.

കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in ൽ ലഭ്യമാക്കിയിട്ടുള്ള നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം ഡൗൺലോൺഡ് ചെയ്ത് പൂരിപ്പിച്ചാണ് അയയ്ക്കേണ്ടത്. രജിസ്ട്രേഷൻ ഫോമിനൊപ്പം മത്സരാർത്ഥിയുടെ ഐ.ഡി. കാർഡിന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫോം ഇല്ലാത്തതും ഉപാധികൾക്ക് അനുസൃതമല്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. മത്സരാർത്ഥികൾ വഞ്ചനാപരമായ രീതി സ്വീകരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഉപാധികളിലോ നിബന്ധനകളിലോ വീഴ്ചവരുത്തുന്ന സാഹചര്യത്തിൽ അത്തരം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

## 5. മത്സര വിഷയം

മത്സരത്തിലേക്ക് സമർപ്പിക്കുന്ന യാത്രാവിവരണങ്ങൾ കേരള സംസ്ഥാനത്തിനുള്ളിലെ ഏതെങ്കിലും വനത്തിലേക്കോ വന്യജീവി മേഖലയിലേക്കോ ഉള്ള യാത്രയെ അടിസ്ഥാനമാക്കിയായിരിക്കണം.

## 6. സമർപ്പിക്കുന്ന യാത്രാവിവരണങ്ങളെ സംബന്ധിച്ച്

ഒരു മത്സരാർത്ഥിക്ക് ഈ മത്സരത്തിലേക്ക് ഒരു എൻട്രി മാത്രമേ സമർപ്പിക്കുവാൻ അനുവാദമുള്ളൂ.

സമർപ്പിക്കാവുന്ന യാത്രാവിവരണത്തിനായി നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ

- യാത്രാ വിവരണം മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാവുന്നതാണ്.
- ടൈപ്പ് ചെയ്ത യാത്രാ വിവരണങ്ങളാണ് മത്സരത്തിലേക്ക് സമർപ്പിക്കേണ്ടത്. കൈയ്യെഴുത്തുപ്രതി സ്വീകരിക്കുന്നതല്ല.
- മത്സരത്തിലേക്ക് ടൈപ്പ് ചെയ്ത യാത്രാവിവരണത്തിന്റെ അക്ഷരങ്ങളുടെ വലുപ്പം 12 പോയിന്റോ അതിൽ കൂടുതലോ ആയിരിക്കണം. മലയാളം യാത്രാവിവരണം യൂണിക്കോഡ് മലയാളം ഫോണ്ടിൽ ടൈപ്പ് ചെയ്തതായിരിക്കണം.
- യാത്രാവിവരണം 750 മുതൽ 3000 വരെ വാക്കുകളിൽ കവിയാത്തതായിരിക്കണം.
- മത്സരത്തിലേക്ക് സമർപ്പിക്കുന്ന യാത്രാവിവരണങ്ങൾ ഏതെങ്കിലും രീതിയിൽ പ്രസിദ്ധീകരിച്ചതായിരിക്കരുത്.
- മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്നും പകർത്തിയത് അയോഗ്യതയായി കണക്കാക്കും.
- യാത്രാവിവരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചിത്രങ്ങളുടെ ഉറവിടത്തെക്കുറിച്ചും യാത്രയുടെ കൃത്യമായ ലക്ഷ്യസ്ഥാനത്തെക്കുറിച്ചും പരാമർശിക്കാത്ത വിവരണങ്ങളെ മത്സരത്തിൽ പരിഗണിക്കുന്നതല്ല.

- യാത്രാ വിവരണങ്ങളുടെ രചയിതാവ് ഒരാൾ മാത്രമായിരിക്കണം (സഹരചയിതാക്കൾ പാടില്ല).
- യാത്രാ വിവരണക്കുറിപ്പുകൾ ഇ-മെയിൽ അറ്റാച്ച്മെന്റുകളായി പി.ഡി.എഫ്. മൈക്രോസോഫ്റ്റ് വേഡ് ഫയലുകളായി (രണ്ട് ഫോർമാറ്റിലും) സമർപ്പിക്കണം.

## 7. സമർപ്പിക്കുന്ന യാത്രാവിവരണങ്ങളുടെ സൂക്ഷ്മ പരിശോധന

സമയ പരിധിക്കുള്ളിൽ (20/09/2026 രാവിലെ 10:00 മണി മുതൽ 30/09/2026 വൈകുന്നേരം 5:00 മണി വരെ) ലഭിച്ച യാത്രാവിവരണങ്ങളുടേയും മത്സരാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകളുടേയും സൂക്ഷ്മ പരിശോധന നടത്തുന്നത് 01/10/2026 ന് ആയിരിക്കും. നിശ്ചിത സമയപരിധിയായ 30/09/2026 ന് വൈകുന്നേരം 5:00 മണിക്ക് ശേഷം ലഭിക്കുന്ന യാത്രാ വിവരണങ്ങൾ നിരസിക്കുന്നതാണ്.

## 8. വിധി നിർണ്ണയവും ഫലപ്രഖ്യാപനവും

മത്സരത്തിനായി ലഭിക്കുന്ന യാത്രാവിവരണങ്ങൾ വിഷയത്തിൽ പ്രാഗത്ഭ്യവും പരിജ്ഞാനവുമുള്ള വിധികർത്താക്കളുടെ സമിതിയാകും മൂല്യനിർണ്ണയം നടത്തുക. വിധി നിർണ്ണയവുമായി ബന്ധപ്പെട്ട യാതൊരുവിധ ബാഹ്യ ഇടപെടലുകളും അനുവദിക്കുന്നതല്ല. 04/10/2026 ന് മത്സരവിജയികളെ ഇ-മെയിൽ/ടെലഫോൺ മുഖാന്തരമോ മത്സരഫലം അറിയിക്കുന്നതാണ്. മത്സരഫലം വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. സ്പാം / ജങ്ക് മെയിൽ ഫിൽറ്ററുകൾ കാരണമോ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ അല്ലെങ്കിൽ തെറ്റായതോ പ്രവർത്തന രഹിതമായതോ ആയ വ്യക്തിവിവരങ്ങൾ നൽകുന്നതോ വഴി വിജയികൾ മത്സരഫലം യഥാസമയം അറിയാതിരിക്കുന്നതിന് സംസ്ഥാന വനം വകുപ്പ് ഉത്തരവാദികളല്ല.

## 9. മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ

ഒന്നും രണ്ടും മൂന്നും സമ്മാനർഹർക്ക് യഥാക്രമം ₹7,500/-, ₹4,500/-, ₹2,500/- (സംസ്ഥാന സർക്കാരിന്റെ ഇത് സംബന്ധിച്ച ഉത്തരവിന് വിധേയമായി) തുടങ്ങിയ തുക ക്യാഷ്പ്രൈസും കൂടാതെ സർട്ടിഫിക്കറ്റും നൽകുന്നതാണ്. ഇത് കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് മത്സരാർത്ഥികൾക്ക് സമാശ്വാസ സമ്മാനമായി മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. സമ്മാനത്തിന് പകരമായി പണമോ സമ്മാനം സ്വീകരിക്കുന്നതിന് പകരക്കാരെയോ അനുവദിക്കുന്നതല്ല. സമ്മാനങ്ങൾ കൈമാറ്റം ചെയ്യാവുന്നതല്ല. സമ്മാനത്തുകയിന്മേൽ വരുന്ന കേന്ദ്ര / സംസ്ഥാന / പ്രാദേശിക നികുതികളും മറ്റ് ചെലവുകളും സമ്മാനർഹരുടെ മാത്രം ഉത്തരവാദിത്വമായിരിക്കും. സമ്മാനത്തുകയ്ക്ക് പകരമായി മറ്റെന്തെങ്കിലുമോ സമ്മാനത്തിന്റെ കൈമാറ്റമോ സാധ്യമല്ല. സമ്മാനം സ്വീകരിക്കുന്നതിലൂടെ വിജയിയുടെ പേരും മത്സരത്തിനായി സമർപ്പിച്ച എൻട്രി പരസ്യപ്പെടുത്തുന്നതിന് വനം വകുപ്പിന് അധികാരം കൈവരുന്നതാണ്.

## 10. മത്സരാർത്ഥിക്ക് അനുവദിക്കുന്ന അവകാശങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നതോടെ അപേക്ഷകന്റെ പേര്, സമർപ്പിച്ചിരിക്കുന്ന എൻട്രി, ഇത് സംബന്ധിച്ച മറ്റു വിവരങ്ങൾ തുടങ്ങിയവ ഇപ്പോഴുള്ളതോ ഭാവിയിൽ നിലവിൽ വരാവുന്നതോ ആയ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും പൂർണ്ണ അവകാശം മത്സരാർത്ഥി വനം വകുപ്പിന് അറിഞ്ഞ് അനുവദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതോടെ സമർപ്പിച്ചിരിക്കുന്ന എൻട്രി സ്വന്തം സൃഷ്ടിയാണെന്നും മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ യാതൊരുവിധ ലംഘനവും ഇതുവഴി നടത്തിയിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നു. മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനത്തിന് മത്സരത്തിലേക്ക് അയയ്ക്കുന്ന എൻട്രി ഉള്ളടക്കം വഴിവയ്ക്കുന്നു എങ്കിൽ മത്സരാർത്ഥി അത് സംബന്ധിച്ച തീർപ്പുകൾക്കായി സ്വന്തം നിലയിലും ചെലവിലും നടപടി സ്വീകരിക്കേണ്ടതും വനം വകുപ്പിനെ ഇത് സംബന്ധിച്ച തർക്കങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 11. മറ്റു നിബന്ധനകൾ

ഈ മത്സരം ഏതൊരു ഘട്ടത്തിലും ഉപേക്ഷിക്കുവാനോ പുതുക്കുവാനോ പുനഃക്രമീകരിക്കുവാനോ ഉള്ള പൂർണ്ണമായ അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

## 12. തടസ്സവാദങ്ങൾ

മത്സരം സംബന്ധിച്ച് ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, കേരളം**

WLW.WTC.2026.ID.NO. ……………………………………

**Passport size photo**

**KERALA FOREST DEPARTMENT**

**WILDLIFE WEEK CELEBRATION - 2026**

## Registration Form for Travelogue Writing Contest (Staff Category) – 2026

**A. Details of the Applicant**

| | | | |
|---|---|---|---|
| **1.** | Name | : | |
| **2.** | Gender | : | |
| **3.** | Designation | | |
| **4.** | Office Address | : | |
| **5.** | Identification Proof (Voters ID/Aadhar / Driving License or any other ID issued by any Govt. Department) | : | Self attested copy to be attached |
| **6.** | Contact Number | : | |
| **7.** | Email ID | : | |

**Undertaking**

I have read and understood the terms and conditions for Travelogue Writing Contest (Staff Category)–2026 and all the details provided by me are true and I take full responsibility of any consequences due to my false / fake entries.

Signature of the Contestant with date